Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. KITE/2026/1562 (75) തീയതി : 02.07.2026

## സർക്കുലർ

**വിഷയം:- കൈറ്റ് - ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ മറ്റ് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും നൽകുന്ന വിവിധ പരിശീലനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:- 1. സ.ഉ.(സാധാ) നം. 361/2018/പൊ.വി.വ. തീയതി 20.01.2018.
2. ഈ ഓഫീസിലെ 21.05.2026-ലെ കൈറ്റ്/2026/1562(61) നമ്പർ സർക്കുലർ

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ വഴി മറ്റു വിദ്യാർത്ഥികൾ, പൊതുജനങ്ങൾ, രക്ഷിതാക്കൾ എന്നിവർക്ക് ആറ് വ്യത്യസ്ത മേഖലകളിൽ പരിശീലന ക്ലാസുകൾ നടത്തുന്നതിന് സൂചന 2 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ഇതിൽ ആദ്യ മൊഡ്യൂൾ ആയ "കുട്ടികൾക്കുള്ള സൈബർ സുരക്ഷാ പ്രോട്ടോക്കോൾ" സംബന്ധിച്ച പരിശീലനം ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പാലിച്ച് നടപ്പിലാക്കേണ്ടതാണ്.

1. കൈറ്റ് തയ്യാറാക്കി നൽകുന്ന മൊഡ്യൂൾ അടിസ്ഥാനമാക്കി പരിശീലനം നൽകേണ്ടതാണ്. കൈറ്റ് മാസ്റ്റർ ട്രെയിനർമാർക്കുള്ള മൊഡ്യൂളിന്റെ ഡി.ആർ.ജി പരിശീലനം 03.07.2026 ന് ഓൺലൈനായി നടത്തുന്നതാണ്. എല്ലാ മാസ്റ്റർ ട്രെയിനർമാരും പരിശീലനത്തിൽ പങ്കെടുക്കേണ്ടതാണ്.

2. പരിശീലനം നേടിയ മാസ്റ്റർ ട്രെയിനർമാർ അവർക്ക് ചുമതലയുള്ള വിദ്യാലയങ്ങളിലെ കൈറ്റ് മെന്റർമാർക്കും ഓരോ ഒൻപതാം ക്ലാസ് ബാച്ചിൽ നിന്നും ഈ മേഖലയിൽ താല്പര്യമുള്ള രണ്ട് മുതൽ നാല് വരെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും (സ്റ്റുഡന്റ് മെന്റർമാരും ആകാം) ജൂലൈ 10 നകം ഓൺലൈനായി പരിശീലനം നൽകേണ്ടതാണ്.

3. പരിശീലനം നേടിയ കുട്ടികളും കൈറ്റ് മെന്റർമാരും ചേർന്ന് യൂണിറ്റിലെ എല്ലാ അംഗങ്ങൾക്കും പരിശീലനം നൽകേണ്ടതാണ്. ഇതിന്റെ ഹാജർ വിശദാംശം ലിറ്റിൽ കൈറ്റ്സ് ഓൺലൈൻ മാനേജ്മെന്റ് സിസ്റ്റത്തിൽ റൂട്ടീൻ ക്ലാസുകളോടൊപ്പം രേഖപ്പെടുത്തേണ്ടതാണ്. തുടർന്ന് ലിറ്റിൽ കൈറ്റ്സ് എട്ടാം ക്ലാസ് ബാച്ചിലെ എല്ലാ അംഗങ്ങൾക്കും പരിശീലനം നൽകേണ്ടതും ഇതിന്റെ വിശദാംശം ലിറ്റിൽ കൈറ്റ്സ് ഓൺലൈൻ മാനേജ്മെന്റ് സിസ്റ്റത്തിൽ അധിക ക്ലാസുകളുടെ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

4. സൂചന 2 നിർദ്ദേശപ്രകാരം മൊഡ്യൂൾ അടിസ്ഥാനമാക്കി വിദ്യാലയത്തിലെ പരമാവധി കുട്ടികൾക്ക് ജൂലൈ 30 നകം പരിശീലനം നൽകേണ്ടതാണ്. ഇതിന്റെ വിശദാംശം ലിറ്റിൽ കൈറ്റ്സ് ഓൺലൈൻ മാനേജ്മെന്റ് സിസ്റ്റത്തിൽ other activities വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

കെ. അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അനുവദിച്ച എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും - ജില്ലാ കോ-ഓർഡിനേറ്റർ മുഖേന
എല്ലാ ജില്ലാ കോ-ഓർഡിനേറ്റർ/മാസ്റ്റർട്രെയിനർമാർക്കും

പകർപ്പ്: പൊതുവിദ്യാഭ്യാസ ഡയറക്ടർ - അറിവിലേക്ക്
എല്ലാ ഡി.ഡി.ഇ, ഡി.ഇ.ഒ-മാർക്കും
സ്റ്റോക്ക് ഫയൽ